“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/434/2025-C**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **13-10-2025**

പത്രക്കുറിപ്പ്

Tribal Festival Tribal Rituals Rite The Passage; Participation And Documentation
പദ്ധതി ഗോത്രോത്സവങ്ങൾ, ഗോത്ര ചടങ്ങുകൾ എന്നിവ രേഖപ്പെടുത്തൽ കൂടെ പങ്കെടുക്കൽ എന്ന ഉദ്ദേശിച്ച ലക്ഷ്യത്തോടെ ചെയ്യുന്ന പദ്ധതിയിലേക്ക് താങ്കളുടെ അധികാരപരിധിയിൽപ്പെട്ട മേഖലയിലുള്ള പാരമ്പര്യ ഉത്സവങ്ങൾ, ചടങ്ങുകൾ എന്നിവ നിർദ്ദേശിക്കുവാനും/അപേക്ഷ സമർപ്പിക്കാനും അഭ്യർത്ഥിക്കുന്നു. ഗോത്ര പാരമ്പര്യത്തെയും ചടങ്ങുകളിലും സംരക്ഷിക്കുകയും അത് പുതിയ തലമുറയിലേക്ക് കൈമാറുകയും ചെയ്യുക എന്ന ഗവേഷണ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഗോത്രങ്ങൾക്കോ ഗോത്ര അംഗങ്ങൾക്കോ ആർക്കുവേണമെങ്കിലും ഇതിൽ ഭാഗമാകാവുന്നതാണ്. പ്രസ്തുത ഉത്സവത്തെ ചടങ്ങിനെ വകുപ്പ്, ഫോട്ടോ വീഡിയോ സങ്കേതങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഗോത്ര അംഗങ്ങളുടെ സമ്മേളനവും ഉണ്ടായിരിയ്ക്കും. പരമ്പരാഗത രീതിയിൽ നടത്തുന്ന ഗോത്ര ചടങ്ങുകൾക്ക് മാത്രമാണ് ഈ പദ്ധതിയിൽ ഭാഗമാവാൻ സാധിക്കുക. ഗോത്ര ഉത്സവങ്ങൾ, അന്യം നിന്നവയോ അല്ലാത്തതോ ആയ മരണാനന്തര ചടങ്ങുകൾ, പ്രസവവുമായി ബന്ധപ്പെട്ട ചടങ്ങുകൾ പ്രായപൂർത്തി ചടങ്ങുകൾ മറ്റ് ദൈവചടങ്ങുകൾ ഷാമനിക ചടങ്ങുകൾ തുടങ്ങി എന്തുതരം സംഗതികളും ആകാം ഇത്.

താല്പര്യമുള്ള വ്യക്തികൾ ഗോത്ര സംഘടനകൾ. ഗോത്ര തലവന്മാർ, ഈ ചടങ്ങിനെക്കുറിച്ച് ഉള്ള ഒരു ചെറു വിവരണത്തോടെ അവരുടെ ഫോട്ടോ, ബയോഡാറ്റ സഹിതം, പൂർണ്ണമായ വിലാസം ഫോൺ നമ്പർ വാട്സ്ആപ്പ് നമ്പർ ഇ-മെയിൽ ഐഡി എന്നിവ ഉൾക്കൊള്ളിച്ച് അപേക്ഷ **30/10/2025** നുളിൽ **dskirtads@gmail.com** എന്ന വിലാസത്തിൽ ഇ-മെയിൽ അയക്കുകയോ ഡെപ്യൂട്ടി ഡയറക്ടർ ഡെവലപ്മെൻറ് സ്റ്റഡീസ് കിർട്ടാഡ്സ് കോഴിക്കോട് **673017**, എന്ന വിലാസത്തിൽ നേരിട്ട് അപേക്ഷിക്കുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്കായി **9446088896** എന്ന നമ്പറിൽ ബന്ധപ്പെടുക. ഈ ഉത്സവങ്ങളുടെയോ ചടങ്ങുകളുടെയോ പഴയ ഫോട്ടോഗ്രാഫുകൾ ഉണ്ടെങ്കിൽ അവയും ഇവയ്ക്കൊപ്പം വയ്ക്കാവുന്നതാണ്.

സബ്ജക്ട് **Tribal Festival Tribal Rituals Rite The Passage; Participation And Documentation** എന്ന് കവറിന് പുറത്ത് എന്ന് എഴുതണം.

Signed by ഡയറക്ടർ
Bindu S
Date: 13-10-2025 22:00:45